**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **28-01-2026 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ നാളിതുവരെയായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിൽ 2021 മെയ് മാസം മുതൽ നാളിതുവരെയായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കുറ്റ്യാടി വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | ഈ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കുറ്റ്യാടി മണ്ഡലത്തിലെ വ്യവസായ രംഗത്ത് ഉണ്ടായ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ? | (ബി) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 2022-23 മുതൽ എല്ലാ പഞ്ചായത്തിലുമായി ഇതുവരെ 2890 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ആയതിന് 157.6 കോടി മൂലധനനിക്ഷേപം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 5738 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. **ഇഎസ്എസ് (സംരംഭക സഹായ പദ്ധതി)**

മൈക്രോ,സ്മോൾ, മീഡിയം തലത്തിലുള്ള വ്യവസായ യൂണിറ്റുകൾ നടത്തിയ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15%മുതൽ 45%വരെ പരമാവധി 40 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി. കാലാവധി 90 ദിവസം

2. **പിഎംഇജിപി (പ്രൈം മിനിസ്റ്റേഴ്സ് എംപ്ളോയ്മെന്റ് ജനറേഷൻ പ്രോഗ്രാം)**

തൊഴിലും ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. പദ്ധതി ചെലവിന്റെ 15%മുതൽ 35%വരെ സബ്സിഡി ലഭിക്കും. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്.

3. **മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റുകൾ**

ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും, സേവന സംരംഭങ്ങൾക്കും ധനസഹായം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 10 ലക്ഷം രൂപ വരെ പദ്ധതി ചെലവ് വരുന്ന യൂണിറ്റുകൾക്ക് 30%മുതൽ 40%വരെ പരമാവധി 4 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

4. **ഒരു കുടുംബം ഒരു സംരംഭം (ഒഎഫ്ഒഇ)**

പരമാവധി 10 ലക്ഷം രൂപ വരെ വായ്പ എടുത്ത് തുടങ്ങുന്ന വ്യാവസായിക/സേവന/വ്യാപാര മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് 6% വരെ പലിശ സബ്സിഡി നൽകുന്ന പദ്ധതി. സേവന പരിധി - 30 ദിവസം

5. **പി.എം ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം (പിഎംഎഫ്എംഇ)**

ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങൾക്ക് യോഗ്യമായ പ്രൊജക്റ്റ് ചിലവിന്റെ 35%എന്ന അളവിൽ ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ വരെ ക്രെഡിറ്റ് ലിങ്ക്ഡ് മൂലധന സബ്സിഡി ലഭിക്കും (വ്യക്തിഗത സംരംഭങ്ങൾ, പങ്കാളിത്ത സ്ഥാപനങ്ങൾ, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, എഫ്.പി.ഒകൾ, എൻ.ജി.ഒ.കൾ, എസ്.എച്ച് ജികൾ, സഹകരണ സംഘങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം).

6. **നാനോ ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.**

ചെറുകിട/ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കീം. 10 ലക്ഷം രൂപ വരെ നിക്ഷേപമുള്ള ഓരോ യൂണിറ്റും എടുത്ത ടേം ലോൺ പലിശയിൻ മേൽ സബ്സിഡി നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പൊതു വിഭാഗത്തിന് 6%വും, സ്ത്രീകൾ/എസ് സി-എസ് ടി എന്നിവർക്ക് 8% വരെ പലിശ സബ്സിഡി ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്.

7. **എംഎസ്എംഇ ഇൻഷൂറൻസ് സ്കീം**

ചെറുകിട/ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം ഒരുക്കുന്ന പദ്ധതിയാണ്.അവിചാരിതമായി ഉണ്ടാകുന്ന ധന നഷ്ടത്തിന് എതിരെ സംരക്ഷണം ഒരുക്കുക. എംഎസ്എംഇ യൂണിറ്റുകൾ പ്രീമിയമായി അടവാക്കുന്ന തുകയുടെ 50% അല്ലെങ്കിൽ പരാമവധി 5000 രൂപ വരെ സബ് സിഡി നൽകുന്ന പദ്ധതി.

സെക്ഷൻ ഓഫീസർ